

# മുതലാളിത്തം ശിഥിലമാക്കിയ മനുഷ്യ ബന്ധങ്ങൾ

**ലേഖനം**

ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം

**മനുഷ്യബന്ധങ്ങൾ** നാമ്പി ടുന്നത് യാദൃഛികമായല്ല. പ്രകൃതിയുടെ തന്നെ തേട്ട മാണത്. വേറൊരു ജീവിയിലും കാണാൻ കഴിയാത്ത ഒത്തൊരുമയും രക്തബന്ധ ങ്ങളും സാമൂഹികക്രമവും മനുഷ്യകുലത്തിന്റെ മാത്രം പ്രത്യേകതയാണ്. തൊട്ടും തൊട്ടറിഞ്ഞും, കൊണ്ടും കൊടുത്തും നാമതിന്റെ മധു നുകരുകയും വിലമതിക്കാ നാകാത്ത അനുഭൂതിയിലൂടെ പ്രഫുല്ലമാക്കുകയും ചെയ്യുന്നു.

മുതലാളിത്ത ജീവിതശൈലി വ്യക്തിയിൽ ജീർണതയും സമൂഹത്തിൽ സംഘർഷവും കുടുംബബന്ധങ്ങളിൽ ശൈഥില്യവും ഭൂമിയിൽ അസമാധാനവുമാണ് വിതച്ചത്. നൈതിക മൂല്യങ്ങളെയും സാമൂഹിക പ്രതിബദ്ധതയെയും ചവിട്ടിമെതിച്ച് മനുഷ്യനിലെ നൈസർഗിക നന്മയെ ഒതുക്കിയാണ് അതിന്റെ തേരോട്ടം. എല്ലാം കണ്ടുപിടിക്കാനായി ഇറങ്ങിത്തിരിച്ച്, കണ്ടുപിടിച്ചതെല്ലാം സ്വന്തമാക്കിയും, സമൂഹ ത്തിൽ രണ്ട് നീതി നടപ്പിലാക്കിയും, പ്രകൃതിയെ ലാഭക്കണ്ണോടെ വെട്ടിയും കിളച്ചും നശിപ്പിച്ചും മതത്തെയും മൂല്യങ്ങളെയും ചവിട്ടിത്തെറിപ്പിച്ചും അതിന്റെ പ്രയാണം ഇന്നും തുടരുന്നു. തങ്ങളുടെ രീതി മാത്രമാണ് സാർവ ലൗകികവും ആഗോള

പ്രസക്തവുമായ സംസ്കാരം എന്ന അവകാശവാദത്തോടെ കിരാതമായ മനുഷ്യാവകാശ നിഷേധങ്ങളിലൂടെയും വ്യാപകമായ ഭീകരവാഴ്ചയിലൂടെയുമാണ് അതിന്റെ മുന്നേറ്റം. ഇന്ത്യയടക്കമുള്ള രാജ്യങ്ങൾ രാഷ്ട്രീയ സ്വാതന്ത്ര്യം നേടിയെങ്കിലും സാമ്പത്തിക കൊളോണിയലിസത്തിന്റെ കാണാച്ചരടുകൾ മനുഷ്യ ബന്ധ ങ്ങളെ അറുത്തുമാറ്റിയതിന്റെ പരിണിത ഫലം അനുഭവിക്കുകയാണ് ഇന്ന് നാം.

കുടുംബമാണ് മനുഷ്യബന്ധങ്ങളുടെ കാതൽ. ഒരു ഇണയെ കണ്ടെത്തുന്നതോടെ കുടുംബ സംവിധാനത്തിന് നാന്ദികുറിക്കപ്പെടുന്നു. ഒരാൾ നായകനും ഒരാൾ നായികയുമായി അരങ്ങിലും പിന്നണിയിലും സുഖ സമ്പുഷ്ടമായി ആടിത്തീർക്കേണ്ട പരിമിതമായ ഒരു ജീവിതം. കാലചക്രത്തിൽ പടിപടിയായി വന്നു ചേരുന്ന സന്താനങ്ങൾ. മാതാപിതാക്കൾക്ക് സന്താനങ്ങളോടും സന്താനങ്ങൾക്ക് തിരിച്ചും തോന്നുന്ന ആത്മബന്ധം. കൂടപ്പിറപ്പുകൾ തമ്മിലുള്ള ഒരിക്കലും മുറിയാത്ത രക്തബന്ധങ്ങൾ, അയൽക്കാരോടും സമൂഹത്തോടും നിലനിർത്തിപ്പോരേണ്ട ബന്ധങ്ങൾ, എല്ലാറ്റിനുമുപരി സ്ത്രീ എന്ന സൃഷ്ടിയോട് പുലർത്തേണ്ട മാന്യത, ഇതിന്റേയെല്ലാം കടക്കൽ കത്തിവെച്ച് കൊണ്ടാണ് ആധുനിക സാമ്രാജ്യത്വം കടന്നുവരുന്നത്.

കൂടുമ്പോൾ ഇമ്പമുണ്ടാകേണ്ട കുടുംബം ഇന്ന് കാണുമ്പോൾ ഈർഷ്യയുണ്ടാക്കുന്ന അവസ്ഥയിലാണുള്ളത്. കുടുംബത്തിന്റെ നിലനിൽപ്പിനാധാരമായ നായക സങ്കൽപ്പത്തിലാണ് ആദ്യം വിള്ളലുകൾ വീണത്. നീയോ ഞാനോ എന്ന ചോദ്യം മറയില്ലാതെ പുറത്ത് വന്നു. പണം നേടുക എന്നത് മുഖ്യലക്ഷ്യമായപ്പോൾ മറ്റെല്ലാ ബന്ധങ്ങളും അതിന് മുന്നിൽ കുമ്പിട്ട് നിൽക്കേണ്ടിവന്നു. പണം എങ്ങനെയെങ്കിലും സമ്പാദി ക്കാനും എങ്ങനെയെങ്കിലും ചെലവഴിക്കാനും അത് വ്യക്തികളോട് മന്ത്രിച്ചു. സ്വയം നിർണയത്തിനു വ്യക്തിക്കുണ്ടെന്ന് പറയുന്ന പരമമായ അധികാരം രക്തബന്ധങ്ങളിൽ പോലും ഏറ്റുമുട്ടലുകൾ സൃഷ്ടിച്ചു. അങ്ങനെ പരിശുദ്ധ സ്ഥാപനമായ കുടുംബം ഇന്ന് വൃദ്ധജനങ്ങളെ പരിത്യജിക്കുകയും കൗമാര പ്രായക്കാരെ വെറുപ്പിച്ച് ആട്ടിപ്പായിക്കുകയും കുട്ടികളെ പീഡിപ്പിക്കുകയും ചെയ്യുന്ന സംവിധാനമായി മാറി. ആഴത്തിൽ വേരുകളുണ്ടെന്ന് കരുതിയ ബന്ധങ്ങൾപോലും ഒറ്റ ചൊട്ടിന് പൊട്ടിത്തകരുന്ന പളുങ്ക് പാത്രങ്ങളായിരിക്കുന്നു. വ്യക്തിബന്ധങ്ങൾ, രക്തബന്ധങ്ങൾ തുടങ്ങിയവയെല്ലാം തന്നെ എവിടെയാണോ വ്യക്തി താൽപര്യത്തിന് വിഘാതമായത് അവിടെയെല്ലാം തകർക്കപ്പെട്ടു. അങ്ങനെ എല്ലാ ബന്ധങ്ങളും അറുക്കപ്പെട്ട മനുഷ്യകോലങ്ങൾ സൃഷ്ടിക്കപ്പെട്ടു. കുടുംബബന്ധങ്ങൾ ശിഥിലമായതിന്റെ ദാരുണ ചിത്രങ്ങൾ അനാഥശാലകളിലും ഭ്രാന്താലയങ്ങളിലും വൃദ്ധസദനങ്ങളിലും കണ്ടെത്താം. കൂട്ടുകുടുംബങ്ങളിലുണ്ടായ വിള്ളലുകളിലൂടെ അണുകുടുംബങ്ങളും അണുകുടുംബങ്ങളിലുണ്ടായ അസ്വാരസ്യങ്ങളിലൂടെ ഒറ്റത്തടി സംസ്കാരവും നിലവിൽവന്നു.

ഇന്ന് കുടുംബം എന്ന ഒരു പ്ലാറ്റ്ഫോം നിലനിൽക്കുന്നുണ്ടെങ്കിൽ തന്നെ മുമ്പുള്ളതുപോലെ കൂട്ടുത്തരവാദിത്വങ്ങളോ കൂട്ടായ ആലോചനകളോ ഒന്നും തന്നെ ഇല്ല. പക്ഷേ, കൂട്ടായ ഒരു തീരുമാനം ഉണ്ട്. അതായത് ആരും ആരുടെ കാര്യത്തിലും ഇടപെടരുത്. ഭാര്യാ ഭർതൃ ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ ഗൃഹാന്തരീക്ഷത്തെ ഏറെ സ്വാധീനിക്കുന്നുണ്ട്. രണ്ട് പേരും വരുമാനമുള്ളവരാകുമ്പോൾ ആര് ആരെ അനുസരിക്കണമെന്ന പ്രശ്നം ഉയരുന്നു. മേൽകോയ്മക്കായി രണ്ട് പേരും മത്സരിക്കുക സ്വാഭാവികം. എല്ലാവർക്കും എല്ലാം സ്വന്തമായി ഉണ്ട്. വീട്ടിലൊരു ലാന്റ്

ഫോണിന് പകരം ഓരോ ആൾക്കും ഓരോ മൊബൈൽ ഫോൺ, വീട്ട് അഡ്രസ്സിന് പകരം ഓരോ ഇ-മെയിൽ ഐഡി, ഒരു വീട്ടിൽ തന്നെ അനേകം വാഹനങ്ങൾ, ഓരോ കിടപ്പ് മുറി, ഓരോ ലാപ്ടോപ്പ്, സ്വന്തമായ വരുമാനവും ചെലവുകളും, ഒരോരുത്തനും സ്വന്തം താൽപര്യത്തിനുതകുന്ന വലിയ സുഹൃദ് ബന്ധങ്ങൾ (കുടുംബത്തിലെ മറ്റ് അംഗങ്ങളുമായി ഇവർക്ക് യാതൊരു ബന്ധവും ഉണ്ടാവില്ല), ഇങ്ങനെ തുടങ്ങി എല്ലാം എല്ലാം സ്വന്തം. ഇതിൽ ആരെങ്കിലും പരസ്പരം ഇടപെട്ടാൽ വിവാഹമോചനം, കുടുംബകലഹം, ആട്ടിപ്പായിക്കൽ. ഇതിനെ കുടുംബം എന്ന് വിളിക്കാമോ?

കുത്തഴിഞ്ഞ ലൈംഗികതയും എങ്ങനെയെങ്കിലും പണം ഉണ്ടാക്കിയില്ലെങ്കിൽ ജീവിക്കാൻ കഴിയാത്ത ജീവിത ചുറ്റുപാടുകളും സ്വന്തം മകളെ പോലും വിൽക്കാൻ ഒരമ്മയെ നിസ്സങ്കോചം പ്രേരിപ്പിക്കുന്നു. സ്വന്തം മകളുടെ കൈപിടിച്ച് ഇറങ്ങിപ്പോകുന്ന അഛനെപ്പോലും വിശ്വസിക്കാൻ കഴിയാത്ത ലൈംഗിക-ലാഭക്കൊതിയാണ് മതങ്ങളെയും മൂല്യങ്ങളെയും പരിഗണിക്കാത്ത ആധുനിക ജീവിത സങ്കൽപ്പം നമുക്ക് നൽകിയത്. സഹയാത്രികനോട് ഒന്ന് ചിരിക്കാൻ പോലും ഇന്ന് നമുക്ക് കഴിയുന്നില്ല. വളരെ സൗഹൃദപൂർവം ഒന്നിച്ച് യാത്ര ചെയ്യുന്നവർ സ്നേഹത്തോടെ വെച്ച് നീട്ടുന്ന ആഹാര പദാർഥങ്ങൾ പോലും സംശയ ലേശമന്യേ വാങ്ങിക്കഴിക്കാനാകാതെ മനോവിഷമത്തോടെ പരസ്പരം 'ക്ഷമ' പറയേണ്ടുന്ന അവസ്ഥ.

ഇന്നെല്ലാവർക്കും ജോലിയുണ്ട്, നല്ല ശമ്പളവും. പക്ഷേ ഒരു കാര്യം മാത്രം. മുതലാളിത്തം സൃഷ്ടിച്ചെടുത്ത ഉപഭോഗ സംസ്കാരത്തിന്റെ അടിമകളാണ് എല്ലാവരും. അതിൽനിന്ന് മുക്തരാകാൻ ആർക്കും കഴിയുന്നില്ല. എന്താണ് നമുക്ക് കിട്ടുന്നത് അതുമുഴുവൻ തന്നവനിലേക്ക് തന്നെ തിരിച്ചെത്തുന്നു. ഭീമമായ ശമ്പളത്തോടൊപ്പം നാം അവർക്ക് നമ്മുടെ സമയവും ബുദ്ധിയും തീരെഴുതിക്കൊടുത്തു. വീട്ടിൽനിന്ന് അതിരാവിലെ ഇറങ്ങി അർധരാത്രി തിരിച്ചെത്തുന്ന ആധുനിക തലമുറക്ക് എല്ലാം കൂട്ടായുണ്ട്, ഇന്റർനെറ്റിലൂടെയാണെന്ന് മാത്രം. സ്വന്തം ഭാര്യ ഒരു മാസം ലീവെടുത്താൽ കുടുംബ ബജറ്റ് വരെ താളം തെറ്റുന്ന അവസ്ഥ. ഭാര്യയോടും കുട്ടികളോടും ഒരു വാക്ക് സംസാരിക്കാൻ പോലും പലർക്കും നേരമില്ല. മാസത്തിൽ ആയിരം രൂപ മാത്രം സമ്പാദ്യമുള്ള ഒരു തട്ടുകടക്കാരന്റെയത്ര പോലും സമാധാനമില്ലാത്ത ഒരു തരം യാന്ത്രിക ജീവിതം.

മനുഷ്യബന്ധങ്ങളുടെ ഏറ്റവും ഉദാത്ത ബഹിർസ്ഫുരണമായ നമ്മുടെ വിവാഹങ്ങൾ ഇന്ന് ലക്ഷങ്ങൾക്കാണ് ക്വട്ടേഷൻ നൽകുന്നത്. ആരും ആരെയും ആശ്രയിക്കാത്ത ഒരു സാമൂഹികക്രമം. മനുഷ്യന് ഒരിക്കലും തിരസ്കരിക്കാനാവാത്ത ഈ വക പരസ്പര സഹായങ്ങളും സേവനങ്ങളുമെല്ലാം ആധുനിക മുതലാളിത്തം വിൽപ്പനച്ചരക്കാക്കി. സൗഹൃദ നടവഴികളെല്ലാം നാം മതിൽ കെട്ടി അടച്ചു. അങ്ങനെ നാം 10 സെന്റും വീടും ചുറ്റു മതിലും, 5 സെന്റും വീടും ചുറ്റു മതിലും എന്നിങ്ങനെ സ്വന്തത്തിലേക്കൊതുങ്ങി. ഇനി വല്ലവരും കടന്നുവരുമ്പോൾ ചോദ്യം ചെയ്യാനായി സെക്യൂരിറ്റിയെയും അതിനെയും മറികടന്ന് ആരെങ്കിലും വന്നാൽ ഓടിച്ച് പിടിക്കാൻ നായയെയും നാം കാവലിരുത്തി. അയൽപക്ക ബന്ധങ്ങളൊക്കെ മുറിച്ചു മാറ്റി സുഖമായി കഴിയാവുന്ന ഫ്ളാറ്റ് സമ്പ്രദായം ഇന്ന് ശരാശരി മലയാളിയുടെ മോഹന സ്വപ്നമാണെന്ന് പറഞ്ഞാൽ അത് അതിശയോക്തിയല്ല. അഛനമ്മമാരുടെ അലട്ടലും കൂട്ടുകുടുംബത്തിന്റെ അലോസരങ്ങളും ഇവിടെ പ്രശ്നമല്ലല്ലോ. മുത്തഛനും മുത്തശ്ശിയുമില്ലാത്തതിനാൽ പഴകിയ എണ്ണയുടെയും മരുന്നിന്റെയും ദുർഗന്ധമനു

ഭവിക്കുകയും വേണ്ടതില്ല.

ഇന്ന് അമൂല്യമായ ബന്ധങ്ങൾ പലതും വിൽപനക്കുണ്ട്. 'അമ്മ' എന്ന പേരിൽതന്നെ കച്ചവടം പൊടിപൊടിക്കുകയാണ്. സ്വന്തം അമ്മയെ കാണാനും ശ്രുശ്രൂഷിക്കാനും മനസ്സില്ലാത്തവർ ഇത്തരം അമ്മമാരെ വാരിപ്പുണരുന്നു. സ്വവർഗരതിയും വേശ്യാവൃത്തിയും മറ്റ് ലൈംഗിക അനാചാരങ്ങളും അനുവദിക്കണമെന്ന വാദം കുടുംബ രക്തബന്ധങ്ങളുടെ വേലിക്കെട്ടുകളെയും തകർത്ത് മുന്നേറുകയാണ്. യഥാർഥ ബന്ധങ്ങൾ ശിഥിലമാകുമ്പോൾ അരുതായ്മകളുടെ ബന്ധങ്ങൾ രൂപംകൊണ്ടു. ഭാര്യയുടെയും ഭർത്താവിന്റെയും അപഥ സഞ്ചാരം ഇന്ന് പുത്തരിയല്ല. പ്രണയബന്ധങ്ങൾ ഭൂരിപക്ഷവും രൂപംകൊള്ളുന്നത് വലിയ കെട്ടുറുപ്പുള്ള പല ബന്ധങ്ങളെയും തകർത്തുകൊണ്ടാണ്. കുറ്റകൃത്യങ്ങളുടെ കൂട്ടായ്മകളും വർധിച്ചുവരുന്നു. കളവ്, കൊള്ള, സ്ത്രീ പീഡനം തുടങ്ങിയവക്ക് വേണ്ടിയുള്ള കൂട്ടായ്മകൾ സ്ഥലകാല പരിമിതികൾക്കും മതത്തിനും വർണത്തിനും അതീതമാണ്.

ജാതി മത വ്യത്യാസങ്ങളുടെ പേരിൽ വ്യത്യസ്ത പാരമ്പര്യങ്ങളെ പിൻപറ്റിയിരുന്നവർ ഇന്ന് ഏതാണ്ട് ഒരേ സംസ്കാരമുള്ളവരായി മാറി. പരമ്പരാഗതമായി തങ്ങൾക്ക് പകർന്നുകിട്ടിയ മൂല്യങ്ങളും ചെയ്തു പോന്ന ആചാരനുഷ്ഠാനങ്ങളും രീതികളും ക്രമേണ അവർ ത്യജിച്ചു. പകരം ആഗോളവത്കരണം സമ്മാനിച്ച ആധുനിക സങ്കേതങ്ങളെയും സംസ്കാരങ്ങളെയും തങ്ങളുടെ വേരുകൾ മറന്നുകൊണ്ട് അവർ പുണർന്നു.

പൊതുവായ കൂടിച്ചേരലുകൾ കുറഞ്ഞു. ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീടുകൾ സന്ദർശിക്കുന്നത് ക്രമേണ ഇല്ലാതായി. കുടുംബത്തിലെ ഗൃഹനാഥൻ എന്ന സങ്കൽപ്പം തന്നെ തകർന്നു. രക്തബന്ധങ്ങൾക്ക് പ്രാധാന്യം കുറഞ്ഞുവന്നു. കുട്ടികൾ എല്ലാവരെയും അങ്കിൾ എന്നും ആന്റിയെന്നും വിളിച്ച് തുടങ്ങി. കണ്ണീർ സീരിയലുകൾക്കിടയിൽ കയറിവരുന്ന ഉറ്റവരെ അവർ ശപിച്ചു. വ്യക്തിഗതവും സാമൂഹികവുമായ വിനോദോപാധികൾ വർധിച്ചുവന്നെങ്കിലും അവയൊന്നും തന്നെ വ്യക്തിക്കോ സമൂഹത്തിനോ ഗുണം ചെയ്യുന്നില്ല. വിവാഹങ്ങളും വിവാഹ നിശ്ചയങ്ങളും ജന്മദിനവും ഗൃഹപ്രവേശവുമൊക്കെ മുമ്പില്ലാത്ത വിധം ആർഭാടമായാണ് നടക്കുന്നത്. പത്രാസ് കാണിക്കാനുള്ള ഇത്തരം വേദികളിൽ ബന്ധുക്കളെക്കാൾ ഓഫീസ് ബോസുകൾക്കും മുതലാളിമാർക്കും ആയി പ്രാമാണ്യം.

ഒരുപാട് ധനം സമ്പാദിക്കാനാണ് മുതലാളിത്തം നമ്മോടാവശ്യപ്പെടുന്നത്. ധനസമ്പാദനരീതിയുടെ അടിത്തറയാണ് കിടമത്സവും മാത്സര്യചിന്തയും. ഇതൊരിക്കലും നീതിപൂർവകമായ മത്സരമല്ല. കരുത്തും സമ്പത്തുമുള്ളവർക്കേ ജയിക്കാനാകൂ. ചിലർക്ക് ജയിക്കാൻ ഒരുപാട് പേർ തോൽക്കുന്ന ഒരു മത്സരം. വിവേകപൂർണമായി ജീവിച്ചുകൊണ്ട് നാം അതിനെ അതിജീവിക്കണം. നാം ഈ സമൂഹത്തോട് ഒട്ടിനിൽക്കണം. നാം ശ്വസിക്കുന്ന വായുപോലെ ഈ പ്രകൃതിയിലുള്ളതെല്ലാം നാം പങ്കുവെക്കണം. നല്ല കൂട്ടായ്മകളും ജീവിത ശൈലിയും വളർത്തിയെടുക്കണം. സാമ്രാജ്യത്വത്തിന്റെ സാംസ്കാരിക ഉൽപന്നങ്ങളെ പടിക്ക് പുറത്ത് നിർത്തി നമ്മുടെ പഴമകളിലേക്ക് തിരിച്ചുപോകണം. ഒരുമിച്ച് ജീവിക്കുന്നതിന്റെ മധുരാനുഭൂതികൾ പരസ്പരം പകരാനും മനുഷ്യന്റെ വൈഭവം സർഗാത്മകമായി ഉപയോഗിക്കാനും വഴിതുറക്കണം. മതവും മൂല്യങ്ങളും നമുക്ക് വഴി കാട്ടിയായേതീരൂ.

യഥാർഥത്തിൽ മനുഷ്യബന്ധങ്ങൾ ഉടലെടുക്കുന്നത് മൂല്യധർമ വിചാരത്തിലൂടെയാണ്. 'ഞാൻ' എന്ന വ്യക്തിയുടെ ഭ്രമണപഥത്തിൽ ഒന്നിനെയും അടുപ്പി

ക്കാതെ കറ ങ്ങാൻ തുടങ്ങിയാൽ അവിടെ ബന്ധങ്ങൾ തകിടം മറിയും. സാമ്രാജ്യത്വം അതാണ് ലോകത്തെ പഠിപ്പിച്ചത്. ചെയ്യുന്ന കർമത്തിന്റെ അനന്തരഫലം ലാഭനഷ്ടങ്ങളുടെ അളവ്കോൽ വെച്ച് അളന്നെടുക്കണമെന്ന സാമ്രാജ്യത്വ കാഴ്ച്ചപ്പാടിനെ പരലോക ചിന്തക്ക് മാത്രമേ പ്രതിരോധിക്കാനാവൂ. മൂല്യ ധർമവിചാരങ്ങൾ ബന്ധങ്ങളിൽ ഉത്ഭവിക്കണമെങ്കിൽ ബന്ധങ്ങളുടെ ഉൾക്കാമ്പുകൾ തിരിച്ചറിയണം. കർണ്ണാടകയിൽ കുഞ്ഞുങ്ങളെ വിൽക്കുന്ന സംഘത്തെ പോലീസ് അറസ്റ്റ് ചെയ്തത് ഈയിടെയാണ്. സ്വിറ്റ്സർലന്റിലെ ഒരു ഹോസ്പിറ്റലിൽ പെറ്റിട്ട തള്ളമാരോട് കുട്ടി മരിച്ചെന്ന് കള്ളം പറഞ്ഞ് 300 ലധികം കുട്ടികളെയാണ് വിൽപ്പന നടത്തിയത്. വിവാഹിതകളും അവിവാഹിതകളുമായ പെൺകുട്ടികളെ ഉപയോഗിച്ച് കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും  നല്ല ലാഭമുള്ള ഒരു ചരക്കായി ലേലച്ചന്തകളിൽ എത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇന്ന് മാർക്കറ്റിൽ ലഭ്യമല്ലാത്തതെന്താണ്? ബീജം, അണ്ഡം, സിക്താണ്ഡം, വാടക ഗർഭപാത്രം എല്ലാം  ഒന്നിച്ചും വെവ്വേറെയും ലഭ്യമാണ്. വിലയ്ക്ക് വാങ്ങിയ ബന്ധങ്ങൾ അത് പോലെ തന്നെ നഷ്ടം വരുമ്പോൾ നിഷ്പ്രയാസം വലിച്ചെറിയപ്പെടും.

നാം മണ്ണിൽ നിന്ന് വന്നതായിരുന്നു. മണ്ണിൽ ചവിട്ടി നിന്നുകൊണ്ട് നാം നടന്നുനീങ്ങണം. സ്വന്തം മണ്ണിൽ കൃഷി ചെയ്തും മണ്ണിന്റെ അവകാശികളെ മുഴുവൻ സ്നേഹിച്ചും. ദൈവത്തിന്റെ അതിരടയാളങ്ങൾ പാലിക്കണം. എങ്കിലേ നാം മനുഷ്യരാകൂ. മൂല്യങ്ങളുടെ നാരായവേരിൽ നിന്നും സാമ്രാജ്യത്വം നമ്മെ അകറ്റി. ദന്തഗോപുരത്തിൽ നിന്ന് മണ്ണിലേക്കുള്ള ഒരു തിരിച്ചുപോക്ക് അസാധ്യമല്ല. പക്ഷേ അതിന് ഇഛാശക്തിയും മനക്കരുത്തും വേണം. മണ്ണിൽ ചവിട്ടി നിന്നുകൊണ്ട് മാത്രം മാനത്തേക്ക് മനസ്സുയർത്താൻ നമുക്കാവണം. ■

farookusman@gmail.com